# സുപ്രീം കോടതിയുടെ സ്വയംവിമർശനം

**ഭരണഘടനയുടെ ആത്മാവ് സാമൂഹ്യസാമ്പത്തിക നീതിയാണ്. ഈ ആത്മാവിനെ അവഗണിക്കുന്നതും, ധിക്കരിക്കുന്നതുമാണ് തൊണ്ണൂറുകളുടെ മദ്ധ്യം മുതൽ പ്രത്യേകിച്ചും ഉന്നത കോടതികളുടെ വിധിന്യായങ്ങൾ പലതും**

■ **നൈനാൻ കോശി**

സുപ്രധാനമായ ഒരുവിധിന്യായത്തിലൂടെ സുപ്രീംകോടതി അസാധാരണമായ ഒരു സ്വയംവിമർശനം നടത്തിയിരിക്കുന്നു. “കോടതികൾക്ക്, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യത്തിലെ അന്തിമകോടതിക്ക് ഉൾപ്പെടെ ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും മന്ത്രങ്ങളുടെ പുറകെ പോയതുമൂലം സാധാരണക്കാരോടുള്ള സഹാനുഭൂതി നഷ്ടമായിരിക്കുന്നു.”

“സാധാരണക്കാരുടെ സ്ഥിതിവിശേഷത്തെപ്പറ്റി ആഗോളവൽക്കരണം നമ്മെ അന്ധരാക്കി”, 2010 ജനുവരി അഞ്ചിലെ ജസ്റ്റിസ് ജി.എസ്. സിങ്വിയും ജസ്റ്റിസ് എ.കെ. ഗാംഗുലിയും ഉൾപ്പെട്ട, ഡിവിഷൻ ബഞ്ചിന്റേതാണ് സ്വയംവിമർശനത്തിന്റെ ഈ വിധിന്യായം. രണ്ട് വിഭിന്ന ഉത്തരവുകളിലായി, സുപ്രീംകോടതിയിലെയും, ഭരണഘടനാ വ്യാഖ്യാനം നടത്തുന്ന എല്ലാ കോടതികളുടെയും ന്യായാധിപന്മാർക്കു ഡിവിഷൻ ബഞ്ച് നൽകുന്ന മുന്നറിയിപ്പ് ഇതാണ്, “ആഗോളവൽക്കരണത്തിന്റേതെന്ന് പറയപ്പെടുന്ന പ്രവണതകളെ പ്രോത്സാഹിപ്പിക്കാൻ, ഭരണഘടനയുടെ അനുശാസനങ്ങളിൽ വെള്ളം ചേർത്താൽ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാകും.”

രണ്ട് ജഡ്ജിമാരും അവരുടെ ഉത്തരവുകളിലൂടെ, പഞ്ചാബ് വെയർ ഹൗസിങ് കോർപ്പറേഷനിൽനിന്ന് പിരിച്ചുവിടപ്പെട്ട ഹർജിന്ദർസിംഗ് എന്ന തൊഴിലാളിയെ, അൻപതു ശതമാനം മുൻകാല വേതനത്തോടെ തിരിച്ചെടുക്കേണ്ടതില്ലെന്നും, 87,582 രൂപ നഷ്ടപരിഹാരം നൽകണമെന്നും പഞ്ചാബ് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്യുകയായിരുന്നു. ഹൈക്കോടതിയുടെ തീരുമാനം അസാധുവാക്കിയ സുപ്രീംകോടതി അൻപതു ശതമാനം മുൻകാല വേതനത്തോടെ ഹർജിന്ദർസിംഗിനെ ജോലിയിൽ തിരിച്ചെടുക്കാനും, 25000 രൂപാ കോടതി ച്ചെലവു നൽകാനും കമ്പനിയോടാവശ്യപ്പെട്ട് ഉത്തരവിട്ടു.

ജസ്റ്റിസ് സിങ്വിയുടെ നിരീക്ഷണം ശ്രദ്ധേയമായിരുന്നു. “വ്യാവസായിക തർക്കനിയമം തുടങ്ങിയ സാമൂഹ്യക്ഷേമ നിയമങ്ങളുടെ വ്യാഖ്യാനങ്ങളടങ്ങുന്ന കേസുകളിൽ കോടതികളുടെ സമീപനത്തിൽ പ്രകടമായ ഒരു മാറ്റം ഞങ്ങൾ കാണുന്നു.”

“നീതിന്യായ പ്രക്രിയകളുടെ ഉദ്ദേശ്യം തന്നെ വളരെ വേഗം ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും മന്ത്രങ്ങളായിത്തീരുകയാണെന്നു തോന്നിപ്പോകുന്നു. ഭരണഘടനാ കോടതികൾക്ക് വ്യാവസായിക തൊഴിലാളികളോടും, പാർശ്വവൽക്കരിക്കപ്പെട്ടവരോടും സഹതാപമില്ലാതായിത്തീർന്നിരിക്കുന്നുവെന്ന ധാരണ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നിയമവിരുദ്ധമായ പിരിച്ചുവിടലുകളെപ്പറ്റി തൊഴിലുടമകൾ നൽകുന്ന നീതീകരണം പൂർണ്ണമായി സ്വീകരിച്ചുകൊണ്ട് തൊഴിലാളികൾക്കു നീതി നിഷേധിക്കുന്ന ധാരാളം കേസുകളുണ്ടായിട്ടുണ്ട്.

### കോടതികളുടെ നിസ്സംഗത

അതിശക്തമായ ഈ സ്വയംവിമർശനം, നീതിന്യായ തത്വസംഹിത എത്രമാത്രം ആഗോളവൽക്കരണത്തിന്റെ ആശ്ലേഷത്തിലാണെന്ന് കോടതിക്കുതന്നെ ബോധ്യമായെന്നതിന്, തെളിവാണ്. കഴിഞ്ഞ ഒരു ദശകത്തിലധികമായി നീതിന്യായ വ്യവസ്ഥിതിയിൽ ആഗോളവൽക്കരണത്തിന്റെ സ്വാധീനത്തെപ്പറ്റി വിമർശനങ്ങളുണ്ടായിട്ടുണ്ട്; സുപ്രീംകോടതിയുടെ മുൻപിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആ വിമർശനങ്ങളെല്ലാം ശരിയായിരുന്നുവെന്ന് ഇപ്പോൾ സുപ്രീംകോടതിതന്നെ അംഗീകരിച്ചിരിക്കുന്നുവെന്നത് തികച്ചും സ്വാഗതാർഹമാണ്.

ഈ വിമർശനങ്ങളിൽ മിക്കവയും ഈ പംക്തികളിൽ നേരത്തെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും സുപ്രീംകോടതിയുടെ ഈ നിഗമനത്തിന്റെ പശ്ചാത്തലം വീണ്ടും അന്വേഷിക്കേണ്ടത് ആവശ്യമാണ്.

2000 ജനുവരി 26–ാം തീയതി പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപതാം വാർഷികം ആഘോഷിച്ച വേളയിൽ

**കോടതിയുടെ മുൻപിൽ വരുന്ന പ്രശ്നങ്ങളുടെ പരിധിവിട്ടും, സർക്കാരിന്റെ സാമ്പത്തിക പരിഷ്കാര നടപടികൾക്കും, ആഗോളവൽക്കരണ പരിപാടികൾക്കും അംഗീകാരം നൽകുന്ന വിധിന്യായങ്ങളുണ്ടായി. ബാൽക്കോ കേസിൽ സർക്കാരിന്റെ ഓഹരി വില്പനനയത്തിന് അംഗീകാരം മാത്രമല്ല, സുപ്രീംകോടതി പ്രശംസയും നൽകി. സർദാർ സരോവർ കേസിൽ വലിയ അണക്കെട്ടുകളുടെ ഗുണങ്ങളെ പ്രകീർത്തിക്കാനും കോടതി തയ്യാറായി**

അവസാനത്തെ പ്രസിഡന്റ് കെ.ആർ. നാരായണൻ പറഞ്ഞു: "ഇന്ത്യൻ ഭരണഘടന ഒരു സാമൂഹ്യരേഖയാണ്. പ്രഥമമായും പ്രധാനമായും അത് ഒരു സാമൂഹ്യ പ്രമാണ രേഖയാണ്. ഇന്ത്യയുടെ ഭരണഘടനാവ്യവസ്ഥകളിൽ ലക്ഷ്യം പ്രകടമായി വളർത്തിയെടുക്കാൻ ഉദ്ദേശിച്ചുള്ളതോ, അല്ലെങ്കിൽ ആ വിപ്ലവത്തെ പ്രോത്സാഹിപ്പിക്കാൻ അനുകൂലമായ സ്ഥിതിഗതികൾ ഉണ്ടാക്കാനോ ഉള്ളതാണ്.''

അദ്ദേഹം തുടർന്നു, "നമ്മുടെ ഭരണഘടനയെ നമ്മുടെ സ്ഥിതി ഗതികൾക്കും ഇന്ത്യയുടെയും വികസ്വരരാഷ്ട്രങ്ങളുടെയും പ്രശ്നങ്ങൾക്കു പ്രസക്തമാക്കുന്നത് അതിന്റെ സാമൂഹ്യ-സാമ്പത്തിക ആത്മാവാണ്.''

ഭരണഘടനയുടെ ആത്മാവ് സാമൂഹ്യസാമ്പത്തിക നീതിയാണ്. ഈ ആത്മാവിനെ അവഗണിക്കുന്നതും, ധിക്കരിക്കുന്നതുമാണ് തൊണ്ണൂറുകളുടെ മദ്ധ്യം മുതൽ പ്രത്യേകിച്ചും ഉന്നത കോടതികളുടെ വിധിന്യായങ്ങൾ പലതും. അതേസമയം, സാമൂഹ്യസാമ്പത്തിക നീതിക്കു വിരുദ്ധമായ ആഗോളവൽക്കരണത്തിന്റെ ആത്മാവു മാത്രമല്ല, ശരീരവും പ്രത്യക്ഷപ്പെടുന്നുണ്ട് ചില വിധിന്യായങ്ങളിൽ. 1996-ൽ അന്നത്തെ ചീഫ് ജസ്റ്റിസ് എ.എം. അഹ്മദി ഒരു പ്രസംഗത്തിൽ പറഞ്ഞു: "ഉദാരവൽക്കരണമെന്നത് സോഷ്യലിസവുമായി പൊരുത്തപ്പെടുന്നതാണ്. കാരണം, നീതിപൂർവകമായ വിതരണത്തിന് ഇന്ന് ആദ്യം ആവശ്യമായുള്ളത് സ്വത്തിന്റെ സൃഷ്ടിയാണ്.'' ഇവിടെ പൊരുത്തപ്പെടുന്നത് ഉദാരവൽക്കരണവും സോഷ്യലിസവുമായല്ല; ഉദാരവൽക്കരണവും ചീഫ് ജസ്റ്റിസിന്റെ ആശയങ്ങളുമായാണ്. നീതിന്യായവ്യവസ്ഥ ഉദാരവൽക്കരണത്തിന്റെ മൂല്യങ്ങളും വിപണിയുടെ തത്വങ്ങളും അംഗീകരിക്കുന്നു എന്നതിന്റെ സൂചനയായിരുന്നു ഇത്.

ഫലമെന്തായിരുന്നു? സ്വകാര്യവൽക്കരണത്തിന്റെ പേരിൽ ഇന്ത്യൻ സ്ഥാപനങ്ങളും ബഹുരാഷ്ട്ര കമ്പനികളും തൊഴിലാളി വിരുദ്ധ നടപടികളെടുക്കുകയും, പ്രാവർത്തികമാക്കുകയും നിലവിലുള്ള നിയമങ്ങളെ ദുരുപയോഗപ്പെടുത്തുകയും ചെയ്തപ്പോൾ അതൊന്നും തടയാൻ ഹൈക്കോടതികളും സുപ്രീംകോടതിയും തയ്യാറായില്ല. ഒരു പ്രവണത പ്രകടമായിരുന്നു; വിവിധ വിഭാഗങ്ങളുടെ കൂട്ടമായ ആവശ്യങ്ങളെ നിഷേധിക്കുകയും, സ്വകാര്യ വ്യക്തികളുടെ സ്ഥാപനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.

തൊഴിലാളിവിരുദ്ധമായ ഒട്ടനവധി വിധിന്യായങ്ങളുണ്ടായി. 2001-ൽ കരാർ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് നേരത്തെ പുറപ്പെടുവിച്ചിരുന്ന വിധിന്യായം സുപ്രീംകോടതി അസ്ഥിരപ്പെടുത്തി. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (സെയിൽ)യും മറ്റു ചില പൊതുമേഖലാ സ്ഥാപനങ്ങളും നൽകിയ അപ്പീലുകളിലായിരുന്നു, തുടർച്ചാ സ്വഭാവമുള്ള ജോലികൾ ചെയ്യുന്നവർക്ക് സ്ഥിരം ജോലിയുള്ള- ദശകങ്ങളുടെ സമരങ്ങൾക്കുശേഷം നേടിയ- അവകാശം സുപ്രീംകോടതി അസ്ഥിരമാക്കിയത്. നേരത്തെ എയർ ഇന്ത്യാക്കേസിൽ കരാർ തൊഴിലാളികൾക്ക്, ചില സാഹചര്യങ്ങളിൽ, സ്ഥിരമാകുന്നതിനു അവകാശം സുപ്രീംകോടതി അംഗീകരിച്ചിരുന്നു. ഒരു സാഹചര്യത്തിലും കരാർ തൊഴിലാളികൾക്ക് സ്ഥിരം ജോലിക്ക് അവകാശമില്ലെന്നാണ് 'സെയിൽ' കേസിലെ തീരുമാനം.

## ധാർമ്മികതയുടെ പ്രശ്നങ്ങൾ

രാജ്യത്തെ എല്ലാ തൊഴിലാളി സംഘടനകളും ഈ തീരുമാനത്തെ ശക്തമായി എതിർത്തു. ഈ തീരുമാനം പ്രതിലോമപരമാണെന്ന് അവർ ഏകസ്വരത്തിൽ കുറ്റപ്പെടുത്തി. രണ്ടു വിധിന്യായങ്ങളിലെങ്കിലും, പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ തിരിച്ചെടുക്കുമ്പോൾ മുൻകാലവേതനം പൂർണ്ണമായി നൽകണമെന്ന ഹൈക്കോടതി ഉത്തരവുകൾ സുപ്രീംകോടതി റദ്ദാക്കി.

2002-ൽ പണിമുടക്കാനുള്ള അവകാശം നിഷേധിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവു പുറപ്പെടുവിച്ചു. തമിഴ്നാട് സർക്കാർ ഒന്നരലക്ഷത്തിൽപരം ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവാണ് കോടതിയുടെ പരിഗണനയ്ക്കു വന്നത്. ഗവൺമെന്റു ജീവനക്കാർക്കു ഒരു സാഹചര്യത്തിലും പണിമുടക്കുനടത്താൻ മൗലികമോ, നിയമപരമോ, ധാർമ്മികമോ ആയ അവകാശമില്ലെന്നാണ് വിധിന്യായം. നിയമപരമായി, അഥവാ നിയമമനുസരിച്ച് ഇങ്ങനെയൊരു അവകാശമുണ്ടെന്ന് ആരും പറഞ്ഞിരുന്നില്ല. വിധിന്യായം നിയമപരമാണെന്ന് സമ്മതിച്ചാലും ധാർമ്മിക അവകാശത്തെപ്പറ്റിയുള്ള പരാമർശം അസ്ഥാനത്താണെന്ന് പറയാതെ നിവൃത്തിയില്ല.

ഒന്നരലക്ഷത്തിൽപ്പരം ജീവനക്കാരെ പിരിച്ചുവിട്ട് ഏഴുലക്ഷത്തിൽപ്പരം ജനങ്ങളെ ദുരിതത്തിലാക്കിയ തമിഴ്നാട് സർക്കാരിന്റെ ഉത്തരവാണ് ധാർമ്മികതയുടെ പ്രശ്നങ്ങൾ ഉന്നയിച്ചത്; പണിമുടക്കല്ല. സുപ്രീംകോടതിയുടെ മുൻപിലുണ്ടായിരുന്ന യഥാർത്ഥ പ്രശ്നം, ഒന്നരലക്ഷത്തിൽപ്പരം ജീവനക്കാരെ, 311-ാം അനുച്ഛേദം നിർദ്ദേശിക്കുന്ന അന്വേഷണം കൂടാതെ പിരിച്ചുവിട്ടതിന്റെ നിയമ, ഭരണഘടനാസാധുതയായിരുന്നു. ഇതു പരിഗണിക്കാതെയുള്ള വിധിന്യായം കോടതിയുടെ അമിതാധികാരപ്രയോഗമായിരുന്നുവെന്ന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ വിമർശിച്ചു. (ദി ഹിന്ദു: 2.10.2002) കോടതിയുടെ മുൻപിൽ വരുന്ന പ്രശ്നങ്ങളുടെ പരിധിവിട്ടും, സർക്കാരിന്റെ സാമ്പത്തിക

പരിഷ്കാര നടപടികൾക്കും, ആഗോളവൽക്കരണ പരിപാടികൾക്കും അംഗീകാരം നൽകുന്ന വിധിന്യായങ്ങളുണ്ടായി. ബാൽക്കോ കേസിൽ സർക്കാരിന്റെ ഓഹരി വില്പനനയത്തിന് അംഗീകാരം മാത്രമല്ല, സുപ്രീംകോടതി പ്രശംസയും നൽകി. സർദാർ സരോവർ കേസിൽ വലിയ അണക്കെട്ടുകളുടെ ഗുണങ്ങളെ പ്രകീർത്തിക്കാനും കോടതി തയ്യാറായി. ഇത് കോടതിയുടെ വിഷയമായിരുന്നില്ലെന്നു മാത്രമല്ല, ശാസ്ത്രീയ പഠനങ്ങൾക്കു വിരുദ്ധവുമായിരുന്നു.



പരമോന്നത നീതിപീഠം

## വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്കരണം

2003 ആദ്യം അന്നത്തെ നിയമമന്ത്രി അരുൺ ജെയ്റ്റിലി പരമോന്നത കോടതിക്ക് ഒരു സർട്ടിഫിക്കറ്റ് നൽകി, “ബാൽക്കോയുടെ വില്പന സംബന്ധിച്ച സുപ്രീംകോടതിവിധി, സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങളുടെയും, സ്വകാര്യവത്കരണ നയങ്ങളുടെയും കാര്യത്തിൽ ഒരു വഴിത്തിരിവും, ഒരു നിർണ്ണായക നിമിഷവും, ഒരു നാഴികക്കല്ലുമാണ്.’’

ആഗോളവൽക്കരണത്തിന്റെ സ്വാധീനം ഏറ്റവും അധികം പ്രകടമായത് ഉന്നത വിദ്യാഭ്യാസമേഖലയെപ്പറ്റി, പ്രത്യേകിച്ചും സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളെപ്പറ്റി സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായങ്ങളിലാണ്.

1993-ൽ ഉണ്ണികൃഷ്ണൻ കേസിൽ ജസ്റ്റിസ് ജീവൻ റെഡ്ഡി വളരെ വ്യക്തമായി വിധി പ്രസ്താവിച്ചു. “വിദ്യാഭ്യാസം ഒരു വ്യാപാരമോ ബിസിനസ്സോ, തൊഴിലോ അല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള അവകാശം വ്യാപാരമോ തൊഴിലോ ബിസിനസ്സോ ചെയ്യാൻ ഭരണഘടനയുടെ 19(1) (ജി) നൽകുന്ന അവകാശങ്ങളിൽ ഉൾപ്പെടുന്നില്ല.’’ ഇന്ത്യയിൽ ആഗോളവൽക്കരണത്തിന്റെ പ്രാരംഭഘട്ടമായിരുന്നു അത്. ജസ്റ്റിസ് ജീവൻ റെഡ്ഡി പ്രഖ്യാപിച്ചു “ഉന്നത വിദ്യാഭ്യാസം നൽകുന്നത് ഒരു വ്യാപാരമോ, ബിസിനസ്സോ അല്ല. വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണം അനുവദിക്കാൻ പാടില്ല.’’

2002 ഒക്ടോബറിൽ ടി.എം.എ പൈ ഫൗണ്ടേഷൻ കേസിൽ, പതിനൊന്നംഗ ഭരണഘടനാബെഞ്ച്, ഉണ്ണികൃഷ്ണൻ കേസിലെ വിധിന്യായം വിദ്യാഭ്യാസം മൗലികാവകാശമാണെന്ന നിഗമനമൊഴിച്ച്-ഭരണഘടനാവിരുദ്ധമാണെന്ന് പ്രഖ്യാപിച്ചു. ആഗോളവൽക്കരണ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം 2002 ഒക്ടോബറിലെ വിധിന്യായത്തിൽ പ്രകടമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചുനടത്താനുള്ള അവകാശം, വ്യാപാരമോ, ബിസിനസ്സോ, ജോലിയോ ചെയ്യാനുള്ള (19) (1) (ജി)യിലെ അവകാശമാണെന്നു പറയുമ്പോൾ, ലോക വ്യാപാര സംഘടന (ഡബ്ല്യു.ടി.ഒ)യുടെ ‘സേവനങ്ങളിലുള്ള വ്യാപാരത്തിനുള്ള പൊതു ഉടമ്പടി’ (General Agreement on Trade in Services- GATS)-യിൽ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള സങ്കല്പത്തിനും നിർവചനത്തിനും സുപ്രീംകോടതി അംഗീകാരം നൽകുന്നു.

വിധിന്യായത്തിന്റെ ആധാരം ആഗോളവൽക്കരണം തന്നെയെന്നതിന് വ്യക്തമായ തെളിവുകളുണ്ട്.

“ഒരു അക്കാദമിക് ബിരുദം സമൂഹത്തിന്റെ പൊതുനന്മയെന്നതിനുപകരം, വ്യക്തിക്ക് പ്രയോജനം നൽകുന്ന ഒരു സ്വകാര്യ നന്മയെന്നത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടതാണ്’’, വിധിന്യായത്തിൽ പറയുന്നു.എത്ര പരക്കെയാണ് ഇത് അംഗീകരിക്കപ്പെട്ടിരിക്കുന്നത്? യഥാർത്ഥത്തിൽ ഇതു ലോകബാങ്കിന്റെയും ലോകവ്യാപാരസംഘടനയുടെയുമൊക്കെ പ്രമാണമാണ്. മുതലാളിത്തരാഷ്ട്രങ്ങൾതന്നെയും ഈ പ്രമാണം അംഗീകരിക്കുന്നില്ലെന്നതാണ് വാസ്തവം. ‘പരക്കെ’യെന്നത് ലോകബാങ്കിന്റെയും, ലോകവ്യാപാര സംഘടനയുടെയും പരപ്പല്ലെങ്കിൽ, ഈ പ്രസ്താവന തെറ്റാണ്.

“ഇന്നത്തെ സമ്പദ്വ്യവസ്ഥയുടെ

ന്യായശാസ്ത്രവും, സ്വകാര്യവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രവും, സ്വകാര്യ ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയൊരു ഉണർവുണ്ടാക്കി'', ടി.എം.എ. പൈ ഫൗണ്ടേഷൻ വിധിന്യായം പറയുന്നു.

## ആഗോളവത്കരണത്തിന്റെ സ്വാധീനം

ഇന്നത്തെ സമ്പദ്‌വ്യവസ്ഥ ആഗോളവൽക്കരണം തന്നെ. അതിന്റെ പരിപാടികൾക്കുമപ്പുറം അതിന്റെ ന്യായവാദത്തെപ്പറ്റിയാണ് ഭരണഘടനാബഞ്ച് വാചാലമാകുന്നത്. അതുപോലെ സ്വകാര്യവൽക്കരണത്തെപ്പറ്റിയല്ല, അതിന്റെ പ്രത്യയശാസ്ത്രത്തെപ്പറ്റിയാണ്. ഇതാണ് ഉന്നതവിദ്യാഭ്യാസത്തെ ഔന്നത്യങ്ങളിലേക്ക് കൊണ്ടുപോകാൻ കാരണമെന്നാണ് ബഹുമാനപ്പെട്ട കോടതിയുടെ കണ്ടെത്തൽ. ആഗോളവൽക്കരണത്തിന്റെ ആത്മാവും ശരീരവും ഈ വിധിന്യായത്തിൽ നിറഞ്ഞുനിൽക്കുന്നു.

'ലോകമെല്ലായിടത്തും വ്യവസ്ഥാപിതമായ തത്വമാണ് പ്രൊഫഷണൽ വിദ്യാഭ്യാസം ആവശ്യമുള്ളവർ അതിനു വില നൽകണമെന്നത്,'' വിധിന്യായം ആധികാരിക സ്വരത്തിൽ പറയുന്നു. 'ലോകമെല്ലായിടത്തും'? വളരെ ലളിതമായി പറഞ്ഞാൽ ഈ പ്രസ്താവന വസ്തുതാവിരുദ്ധമാണ്. ലോകമെല്ലായിടത്തും എന്നതിനുപകരം 'ലോകബാങ്ക് എല്ലായിടത്തും' എന്നു പറഞ്ഞാൽ അത് ശരിയാണ്. 'ഉപഭോക്താവ് (വില) നൽകുന്നു' എന്നത് ലോകബാങ്കിന്റെ പ്രമാണമാണ്. ഇതിനെ സുപ്രീംകോടതി ഏതാണ്ട് സാർവത്രിക തത്ത്വമായി ഉയർത്തി. നഗ്നമായ ആഗോളവൽക്കരണത്തെ പുണരുന്ന ടി.എം.എ. പൈ ഫൗണ്ടേഷൻ വിധിന്യായം വിദ്യാഭ്യാസത്തെപ്പറ്റി വികല സങ്കല്പങ്ങൾ സൃഷ്ടിച്ചു. ആഗോളവൽക്കരണത്തിന്റെ സ്വാധീനഫലമായി, നീതിന്യായവ്യവസ്ഥിതി തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചതും, മൗലികാവകാശങ്ങളെ വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണം സുഗമമാക്കുന്നവിധം വ്യാഖ്യാനിച്ചതുമൊക്കെയായിരിക്കണം ജസ്റ്റിസ് സിങ്‌വിയെയും, ജസ്റ്റിസ് ഗാംഗുലിയെയും വല്ലാതെ അലട്ടിയത്.

''നമ്മുടെ ഭരണഘടന പ്രാഥമികമായും, സാധാരണക്കാരനുവേണ്ടി രൂപം നൽകിയതും വാർത്തെടുത്തതുമാണ്,'' അവർ വിധിന്യായത്തിൽ പറഞ്ഞു. ''ഭരണഘടനയ്ക്കു അനുസൃതമായി സമൂഹത്തിലെ ബലഹീന വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഈ കോടതി തയ്യാറായെങ്കിൽ മാത്രമേ സമൂഹത്തിൽ ആഗോളവൽക്കരണം സൃഷ്ടിച്ച കെടുതികളെ തരണം ചെയ്യാൻ സാധിക്കുകയുള്ളൂ.''

എല്ലാ പൗരന്മാർക്കും ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങൾ ഉറപ്പാക്കുന്നതിൽ ന്യായാധിപന്മാർക്ക്, വിശേഷിച്ച് ഉന്നത കോടതിയിലെ ന്യായാധിപന്മാർക്ക്, പ്രത്യേക കർത്തവ്യമുണ്ട്, വിധിന്യായം ചൂണ്ടിക്കാണിച്ചു. അതീവ ശ്രദ്ധേയമായ വിധിന്യായങ്ങളാണ് ജസ്റ്റിസ് സിങ്‌വിയും ജസ്റ്റിസ് ഗാംഗുലിയും പുറപ്പെടുവിച്ചത്. ധീരമായ ഈ പ്രസ്താവനകൾക്ക് അവർ അഭിനന്ദനം അർഹിക്കുന്നു. ചില ചോദ്യങ്ങൾ പ്രസക്തമാണ്. എന്തായിരിക്കും ഈ വിധിന്യായത്തിന്റെ ഭവിഷ്യത്തുകൾ? എന്താണ് പ്രയോജനം? ഈ ബഹുമാനപ്പെട്ട- പ്രത്യേക ബഹുമാനം അർഹിക്കുന്ന ഈ ന്യായാധിപന്മാരുടെ നിഗമനമനുസരിച്ച് നീതിന്യായവ്യവസ്ഥിതിയുടെ ആഗോളവൽക്കരണപ്രേമം, വലിയ വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് തൊഴിലാളിവർഗത്തിന്, ന്യായമായ അവകാശങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ട്. ഈ അവകാശങ്ങൾ വീണ്ടെടുക്കാൻ മാർഗ്ഗങ്ങളുണ്ടോ?

ആഗോളവൽക്കരണ മന്ത്രങ്ങളെ ഉപേക്ഷിക്കണമെന്ന് സഹന്യായാധിപന്മാരെ അവർ ആഹ്വാനം ചെയ്യുന്നു. ഉന്നത കോടതികളിലുള്ള ഒട്ടനവധി ന്യായാധിപന്മാർ ആഗോളവൽക്കരണ പ്രത്യയശാസ്ത്രത്തെയും, ആശയങ്ങളെയും സ്വീകരിക്കുന്നുവെന്നുമാത്രമല്ല, പൊതുവെ നീതിന്യായ തത്വസംഹിതയെ ആഗോളവൽക്കരണം ഗണ്യമായി സ്വാധീനിച്ചിട്ടുമുണ്ട്. ഈ വിധിന്യായത്തിന്റെ ഫലമായി ഇതിന് മാറ്റമുണ്ടാകുമോ? പ്രത്യക്ഷത്തിൽ തന്നെ ആഗോളവൽക്കരണ മന്ത്രം ചൊല്ലി അവകാശങ്ങളെയും, ഭരണഘടനയെയുംപറ്റി തെറ്റായ വ്യാഖ്യാനം ചെയ്ത വിധിന്യായങ്ങൾ പുനരവലോകനം ചെയ്യാൻ സുപ്രീംകോടതി തയ്യാറാകുമോ?

ഉദാഹരണമായി ടി.എം.എ. പൈ ഫൗണ്ടേഷൻ കേസിലെ വൈരുദ്ധ്യങ്ങളും, അവ്യക്തതകളും, അപാകതകളും നിറഞ്ഞ ഈ വിധിന്യായം ഉന്നത വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ അനിശ്ചിതത്വമുണ്ടാക്കി. ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ്, 2006-ലെ കേരളാ പ്രൊഫഷണൽ കോളേജ് നിയമത്തിലെ മിക്ക വകുപ്പുകളും കേരള ഹൈക്കോടതി റദ്ദാക്കിയത്. 2007 ജനുവരിയിലെ കേരള ഹൈക്കോടതിയുടെ ഉത്തരവിനെതിരെ ഉടൻതന്നെ സുപ്രീംകോടതിയിൽ കേരള സർക്കാർ സമർപ്പിച്ച അപ്പീൽ, ഒന്നുരണ്ടുതവണ ചെറുതായനങ്ങുന്നതായി തോന്നിയെങ്കിലും, നിശ്ചലമായി സുപ്രീംകോടതിയിൽ എവിടെയോ ഇരിക്കുന്നു.

ജസ്റ്റിസ് സിംഗ്‌വിയുടെയും, ജസ്റ്റിസ് ഗാംഗുലിയുടെയും വിധിന്യായത്തിന്റെ വെളിച്ചത്തിലെങ്കിലും ടി.എം.എ. പൈ ഫൗണ്ടേഷൻ വിധിന്യായം പുനരവലോകനം ചെയ്യാൻ പരമോന്നത കോടതി തയ്യാറാകുമോ?